(ബി) സഹകാര്യ ചിട്ടി കമ്പനിക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട് സർക്കാരിന്റെ അഭിഭാഷകർ പ്രതികൾക്ക് സഹായകരമായ നിലപാടാണ് കോടതിയിൽ എടുത്തതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1975-ലെ ചിട്ടി നിയമ ഭേദഗതി പൊതുമേഖലാ സ്ഥാപനമായ കെ.എസ്.എഫ്.ഇ.-യെ സാമ്പത്തികമായി തകർക്കുമെന്നതിനാൽ സഹകാര്യ ചിട്ടി കമ്പനികൾക്ക് അനുകൂലമായ ചിട്ടി നിയമഭേദഗതി പിൻവലിക്കാൻ തയ്യാറാവുമോ?

ഉത്തരം

(എ) ഭേദഗതികൾ യാതൊന്നുംതന്നെ തീരുമാനിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകാര്യ ചിട്ടി കമ്പനികൾക്ക് അനുകൂലമായി ചിട്ടി നിയമത്തിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല.

മണിചെയിൻ തട്ടിപ്പുസ്ഥാപനങ്ങളെ അമർച്ച ചെയ്യാൻ നടപടി

56 [993] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി മണിചെയിൻ തട്ടിപ്പു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയതരം രീതികളും തന്ത്രങ്ങളും ആവിഷ്കരിച്ച് നിരവധിപേരെ കബളിപ്പിക്കുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം തട്ടിപ്പുകൾ സംബന്ധിച്ച് കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളെ അമർച്ച ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം തട്ടിപ്പുസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly